
# ACADEMIC MASTER PLAN 2025 - 26



## ENVISION2025

### Arengattuparamba Senior Basic School

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സ്ഥാപനപരമായ സുപ്രധാന രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഓരോ കുട്ടിയുടെയും സമഗ്രവികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. കുട്ടികളുടെ അക്കാദമിക നേട്ടങ്ങളോടൊപ്പം ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം വയ്ക്കുന്നത്. ഈ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും കൂടുതൽ അവബോധമുണ്ടാകാനും സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തനസാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് അവതരിപ്പിക്കുന്നത്.

2025-26 അധ്യയനവർഷം സമഗ്രഗുണമേന്മാ പദ്ധതി വർഷമായി ആചരിക്കുന്നതിനാൽ വിദ്യാലയത്തിന്റെയും കുട്ടികളുടെയും സമഗ്ര ഗുണമേന്മ മുന്നിൽ കണ്ടുകൊണ്ടാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

1. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക.

2. ഓരോ കുട്ടിയുടെയും വിവിധമേഖലകളിലുള്ള വികസനം കരിക്കുലവും പാഠ്യപദ്ധതിയും വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്നതലത്തിൽ എത്തിക്കുക.

3. അക്കാദമിക കാര്യങ്ങളിൽ പൂർണത കൈവരിക്കാൻ എന്തെല്ലാം ചെയ്യണം എന്നത് കൃത്യമായി ആസൂത്രണം ചെയ്യുക.

4. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി സംസ്കൃതം ഭാഷകൾ എഴുതാനും വായിക്കുവാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

# പ്രാഥമിക വിവരങ്ങൾ.

സ്ഥാപിതം : 1906

സ്കൂൾ കോഡ് : 14355

സ്ഥലം : അരങ്ങേറ്റുപറമ്പ്

വിലാസം : എരഞ്ഞോളി (പി.ഒ)
കണ്ണൂർ . പിൻകോഡ് 670107

ഫോൺ :

ഇ. മെയിൽ : kumar asbs @ g mail.com .

വിദ്യാഭ്യാസജില്ല : തലശ്ശേരി

റവന്യൂജില്ല : കണ്ണൂർ

ഉപജില്ല : തലശ്ശേരി വടക്ക്

ഭരണവിഭാഗം : എയ്ഡഡ്

സ്കൂൾ വിഭാഗം : പൊതുവിദ്യാലയം

പഠനവിഭാഗങ്ങൾ : എൽ. പി., യു.പി.

ആൺകുട്ടികളുടെ എണ്ണം :

പെൺകുട്ടികളുടെ എണ്ണം :

വിദ്യാർത്ഥികളുടെ ആകെ എണ്ണം :

അധ്യാപകരുടെ എണ്ണം : 9

പ്രധാനാധ്യാപിക : ബിന്ദു.കെ.

പി.ടി. എ. പ്രസിഡണ്ട് : സിൽജ രജീഷ്

# വിദ്യാലയചരിത്രം

1906 നവംബർ 6ാം തീയതി ബ്രിട്ടീഷ് ഭരണകാലത്ത് ശ്രീ കുങ്കൻ ഗുരുക്കൾ സ്ഥാപിച്ച എഴുത്തുപള്ളിക്കൂടമാണ് പിന്നീട് അരങ്ങത്തുപറമ്പ സീനിയർ ബേസിക് സ്കൂളായി ഉയർത്തപ്പെട്ടത്. അദ്ദേഹം എഴുത്തുപള്ളിക്കൂടം ശ്രീ വേലാണ്ടി കുമാരൻ മാസ്റ്റർക്ക് കൈമാറുകയും ചെയ്തു. അഞ്ചുക്ലാസുകളുമായിരുന്നു തുടക്കം. ആൺകുട്ടികൾ മാത്രമായിരുന്നു ആ കാലത്ത് പഠിച്ചിരുന്നത്. കാലം അനുകൂലമായി വന്നപ്പോൾ സ്വാതന്ത്ര്യാനന്തരം ബേസിക് സിദ്ധാന്തത്തിൽ അധിഷ്ഠിതമായി 1955 ഓഗസ്റ്റ് മാസം ഈ വിദ്യാലയം സീനിയർ ബേസിക് വിദ്യാലയമായി ഉയർത്തപ്പെട്ടു. ബേസിക് വിദ്യാഭ്യാസത്തിന്റെ ബീജാവാപം ഒരു പുത്തൻ സംസ്കാരമായി അലയടിച്ചപ്പോൾ ഈ വിദ്യാലയം സുപ്രസിദ്ധമായി.

മികവിന്റെ നിരവധി മുൻകാലചരിത്രമുണ്ട് ഈ വിദ്യാലയത്തിന് പറയാൻ. സബ്ജില്ലയിലെ കലാകായിക മത്സരങ്ങളിൽ ഒരു കാലത്ത് ഒന്നാംസ്ഥാനത്ത് നിലനിന്നിരുന്ന സ്ഥാപനമാണിത്. ശാസ്ത്രപ്രദർശനത്തിൽ അഖിലേന്ത്യാതലം വരെ എത്തിയ ചരിത്രവും വിദ്യാലയത്തിനുണ്ട്.

## നിലവിലുള്ള അവസ്ഥാ വിശകലനം

### ഭൗതിക സൗകര്യങ്ങൾ.

വിദ്യാലയത്തിന് സ്വന്തമായി 40 സെന്റ് ഭൂമിയും സാമാന്യം വിശാലമായ ക്ലാസ്മുറികളുമുണ്ട്. ഒന്ന് മുതൽ ഏഴ് വരെ ക്ലാസുകളും കൂടാതെ പ്രീ-പ്രൈമറി ക്ലാസുകളും ഈ വിദ്യാലയത്തിലുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം യൂറിനലും ടോയ്‌ലറ്റും ഇവിടെയുണ്ട്. ശുചിത്വപൂർണ്ണമായി ഭക്ഷണം പാചകം ചെയ്യുന്നതിനായി ഒരു പാചകപ്പുരയും ശുദ്ധജലം ലഭിക്കുന്ന വറ്റാത്ത കിണറും ഉണ്ട്. കൂടാതെ വാട്ടർഫിൽറ്റർ സൗകര്യവും സ്കൂളിലുണ്ട്. കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം ലഭിക്കുന്നതിനായി ലാപ്ടോപ്പുകളും പ്രൊജക്ടറുകളുമുള്ള ഒരു സ്മാർട്ട് ക്ലാസ്സും ഇവിടെയുണ്ട്.

## അക്കാദമികം

ടീച്ചിംഗ് മാന്വലിന്റെയും ടീച്ചിംഗ് എയ്ഡ്സിന്റെയും സഹായത്തോടെയും ICT സാധ്യത പ്രയോജനപ്പെടുത്തിയുള്ള ക്ലാസ്സും പ്രവർത്തനങ്ങൾ, യൂനിറ്റ് ടെസ്റ്റ് വിലയിരുത്തൽ തുടർ പ്രവർത്തനങ്ങൾ ഒരുക്കൽ. ശിശുസൗഹൃദവും പ്രവർത്തനാധിഷ്ഠിതവുമായ ക്ലാസ്സും പ്രവർത്തനങ്ങൾ ക്വിസ് പരിശീലനങ്ങൾ, ഭാഷാടിസ്ഥാനത്തിലുള്ള അസംബ്ലികൾ വായനാക്കുറിപ്പ് അവതരണം. 1 മുതൽ 7 വരെ സംസ്കൃതം ഹിന്ദി പഠനപ്രവർത്തനങ്ങൾ, സംസ്കൃതം സ്കോളർഷിപ്പ് പരിശീലനം നൽകൽ, L.S.S. U.S.S പരിശീലനം, സുഗമഹിന്ദി പരിശീലനം സ്കൂൾ ക്വിസ്, സർഗവേദ, ശാസ്ത്രപരീക്ഷണ ക്യാമ്പുകൾ, വായനാ ചങ്ങാത്തം, വിവിധ ക്ലബ്ബുകൾ സംയോജിച്ചുള്ള ദിനാചരണങ്ങൾ ഹെൽത്ത് ക്ലബ്ബുമായി ബന്ധപ്പെടുത്തി ശുചിത്വപ്രവർത്തനങ്ങൾ, ശാസ്ത്രസാമൂഹ്യശാസ്ത്രഗണിത പ്രവൃത്തിപരിചയമേളകൾക്കുള്ള പരിശീലനങ്ങൾ, കലാ-കായിക പ്രവർത്തനങ്ങൾക്കുള്ള പരിശീലനങ്ങൾ, ഭാഷാ പരിപോഷണത്തിനാവശ്യമായ പ്രവർത്തനങ്ങൾ, ഗണിതശാസ്ത്രവുമായി ബന്ധപ്പെടുത്തി രൂപങ്ങൾ നിർമിക്കൽ പരിശീലിപ്പിക്കൽ, കായികക്ഷമത വർധിപ്പിക്കാൻ വേണ്ടി സൈക്ലിംഗ് കരാട്ടെ തുടങ്ങിയവ. കൂടാതെ കമ്യൂണി-ക്കേറ്റീവ് ഇംഗ്ലീഷ് പഠനം.

## പരിമിതികൾ

വിദ്യാർത്ഥികളുടെ കുറവുകൾ ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നു. സാമൂഹ്യസഹകരണം കുറഞ്ഞ ചുറ്റുപാട് വിദ്യാലയവികസനത്തിന് വിലങ്ങുതടിയാകുന്നു.

## നേട്ടങ്ങൾ

ശാസ്ത്രമേളയിലും പ്രവൃത്തിപരിചയമേളയിലും മികച്ച വിജയം കൈവരിച്ചിട്ടുണ്ട്. സംസ്കൃതം സ്കോളർഷിപ്പുകളിലും മികച്ച വിജയം നേടാൻ കഴിഞ്ഞിട്ടുണ്ട്. സുഗമഹിന്ദി പരീക്ഷയിലും വിജയം നേടിയിട്ടുണ്ട്. കൂടാതെ L.S.S ഉം നേടിയിട്ടുണ്ട്.

ഭാഷ

| ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|---|
| ഒന്നാം ക്ലാസിലെ എല്ലാ കുട്ടി-കളെയും ലളിതമായ ബാലസാഹി-ത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക. | 1 | ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു. | ജൂൺ | അധ്യാപിക CPTA |
| | | കഥപറയൽ പരിശീലനം രക്ഷിതാക്കൾക്ക്, | | |
| | | കേട്ടകഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു. വീട്ടുവായന | ജൂലായ് | അധ്യാപിക. |
| | | കഥയുടെ പുനരാവതരണം. | ആഗസ്റ്റ് | അധ്യാപിക CPTA |
| | | - ചിത്രങ്ങളുടെ സഹായത്തോടെ അടിക്കുറിപ്പുകൾ തയ്യാറാക്കൽ | സെപ്തംബർ | അധ്യാപിക |
| | | - കുട്ടിവായന | | |
| | | - വായനാകാർഡ് വായന | ഒക്ടോബർ | |

| | | | |
|---|---|---|---|
| | ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും ചേർന്ന് എഴുതുന്നു | നവംബർ ഡിസംബർ | അധ്യാപിക CPTA |
| | ടീച്ചർ ഉൾക്കുട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു. | ജനുവരി | അധ്യാപിക |
| | ചെറിയ ചെറിയ ബാലസാഹിത്യ കൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു. കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു. ചിത്രകഥാപുസ്തകങ്ങൾ വായിക്കുന്നു. സചിത്രപുസ്തകങ്ങൾ വായിക്കുന്നു. | ഫെബ്രുവരി | അധ്യാപിക രക്ഷിതാവ് |
| | ചെറിയ ചെറിയ ലൈബ്രറി പുസ്തകങ്ങൾ സ്വന്തമായി വായിക്കുന്നു. | മാർച്ച് | അധ്യാപിക രക്ഷിതാവ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ - ടെസ്റ്റ്<br>അക്ഷരമുറപ്പിക്കൽ<br>അക്ഷരക്കാർഡ് നൽകൽ<br>വാക്കുകൾ നിർമിക്കൽ<br>വാക്കുകൾ എഴുതിയ കാർഡ് നൽകൽ<br>വാക്യങ്ങൾ ഉണ്ടാക്കൽ<br>ചിത്രം - അടിക്കുറിപ്പ്<br>ചിത്രം - കഥ പറയൽ<br>കഥ എഴുതൽ<br>കഥ നോക്കി എഴുതൽ<br>ചിത്രം കാണിച്ചു കൊടുത്ത്<br>വാക്യങ്ങൾ എഴുതൽ<br>കഥാപുസ്തകം നൽകൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്<br>പാഠപുസ്തക വായന | 3, 4 | ജൂൺ മുതൽ നവംബർ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല. |
|---|---|---|---|---|
| കുട്ടിയെ മികച്ച വായന-ക്കാരനാക്കുക. | • ക്ലാസ് വായനാക്കൂട്ടം രൂപീ-കരിക്കൽ<br>- വായനാമൂല - ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>- സമീപ ഗ്രന്ഥാലയത്തിൽ അംഗത്വം<br>- പത്രവായന<br>- കഥാപുസ്തകം നൽകൽ<br>- വായനാക്കുറിപ്പ് തയ്യാറാക്കൽ<br>- വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം - ക്ലാസ്സഭ<br>- വായനാസാമഗ്രികൾ വികസിപ്പിക്കൽ | 3,4 | ജൂൺ മുതൽ മാർച്ച് | അധ്യാപിക<br>CPTA |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | - ക്ലാസ് ലൈബ്രറി<br>- വായനാക്കുറിപ്പ്<br>- ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>- കവിതാരചന<br>- സാഹിത്യകാരൻമാരെ പരിചയപ്പെടൽ<br>- പതിപ്പ് തയ്യാറാക്കൽ. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല |
| --- | --- | --- | --- | --- |
| • സംഖ്യാബോധം ഉണ്ടാക്കുന്നു.<br>• സ്ഥാനവില അനുസരിച്ച് സംഖ്യകളെ ക്രമീകരിക്കുന്നു.<br>• മൂന്നക്കസംഖ്യ തിരിക്കലും ക്രമീകരിക്കലും ചെയ്യുന്നു. | സംഖ്യാനിർമാണം.<br>• അരവിന്ദ്ഗുപ്ത കാർഡ് പരിചയപ്പെടുത്തുന്നു.<br>• അരവിന്ദ്ഗുപ്ത കാർഡ് ഉപയോഗിച്ച് മൂന്നക്കസംഖ്യകൾ നിർമിക്കുന്നു.<br>• ഓരോ കുട്ടിക്കും സംഖ്യാനിർമാണത്തിന് അവസരം നൽകുന്നു. | 3,4 | ജൂൺ മുതൽ മാർച്ച് | ഗണിതാധ്യാപിക.<br>രക്ഷിതാവ് |
| | അബാക്കസ് നിർമാണവും ചിത്രീകരണവും<br>• കുട്ടികൾക്ക് സ്വന്തമായി അബാക്കസ് നിർമിക്കാം.<br>• മൂന്നക്കസംഖ്യകൾ ചിത്രീകരിക്കാനുള്ള അവസരം. | | ജൂൺ മുതൽ മാർച്ച് | ഗണിതാധ്യാപിക |
| | സംഖ്യാചക്രം<br>കുട്ടികൾ സ്വന്തമായി മൂന്നക്കസംഖ്യകൾ ഉപയോഗിച്ച് നിർമിക്കുന്നു. | 3,4 | ജൂൺ to മാർച്ച് | ഗണിതാധ്യാപിക<br>രക്ഷിതാവ് |

English. 3,4

| Learning outcome | Activities | class | Duration | Duties. |
|---|---|---|---|---|
| • Describes the pictures.<br>• Arrange word in alphabetical order.<br>• Add more exchanges to the conversation suitable to the context. | Description.<br>• The teacher shows a picture.<br>◦ Discussion.<br>• The children talk about the picture.<br>• Slow learners - Give opportunity to express their idea in malayalam<br>Arrange word in alphabetical order.<br>– Introducing the dictionary.<br>– Gives words.<br>– Arranging words in alphabetical order. | 3,4 | June to March | English teacher |

| | | | | |
|---|---|---|---|---|
| | Conversation.<br>· Reading the conversation<br>· Conversation is acting with friends.<br>· Add more exchanges to the conversation.<br>· Slow learners. Give opportunity to express their ideas in malayalam. | 3A | June to March. | English teacher |

പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലയളവ് | ചുമതല |
| --- | --- | --- | --- | --- |
| പരീക്ഷണം ചെയ്യുന്നതിന് കുട്ടികളിൽ താല്പര്യം ജനിപ്പിക്കുന്നു. | ക്ലാസിലൊരു പരീക്ഷണശാല. ക്ലാസിൽ ഒരു പരീക്ഷണം സംഘടിപ്പിക്കുന്നു. ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ക്ലാസ്മുറിയിൽ കുട്ടികൾക്ക് പരീക്ഷണം ചെയ്യാൻ അവസരം നൽകുന്നു. ശേഷം ഓരോ കുട്ടിക്കും പരീക്ഷണക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കാനും അവസരം നൽകുന്നു | 3,4 | ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്രാധ്യാപിക. |

മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല. |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ. | പ്രി. ടെസ്റ്റ് കുട്ടികളെ കണ്ടെത്താൻ<br>- അക്ഷരം ഉറപ്പിക്കാൻ<br>- അക്ഷരക്കാർഡ് നൽകൽ<br>- വാക്കുകൾ എഴുതിയകാർഡ് ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കാൻ<br>ചിത്രം - ICT സാധ്യത പ്രയോജനപ്പെടുത്താൽ.<br>കഥ പറയൽ<br>കഥ എഴുതൽ - ചെറിയ കാര്യങ്ങൾ | 5,6,7 | ജൂൺ മുതൽ സെപ്റ്റംബർ വരെ | ഭാഷാധ്യാപിക. |
| IEDC കുട്ടികൾക്ക് പ്രത്യേക പരിശീലനം | ICT സാധ്യത ഉപയോഗിക്കൽ<br>ചിത്രം നൽകി അക്ഷരങ്ങൾ എഴുതൽ.<br>അക്ഷരക്കാർഡ് ഉപയോഗിച്ച് ലഘുവാക്യങ്ങൾ നിർമിക്കൽ | 5,6,7 | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാധ്യാപിക. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരനാക്കുക. | ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>- ലൈബ്രറി വിതരണം<br>- വായനാമത്സരം<br>- വായനാനുഭവം പങ്കുവയ്ക്കൽ<br>- പത്രവായന<br>- ദിനാചരണങ്ങൾ<br>- പ്രവർത്തനങ്ങൾ<br>പാഠഭാഗങ്ങൾ വായിച്ച് ഓഡിയോ ആയി അയയ്ക്കൽ | 5,6,7 | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാധ്യാപിക, രക്ഷിതാവ് |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | എഴുത്തുകൂട്ടം രൂപീകരണം ക്ലാസ്ലൈബ്രറി- വായനക്കുറിപ്പ് | 5,6,7 | ജൂലായ് മുതൽ ഡിസംബർ വരെ | ഭാഷാധ്യാപിക |

English.

| Aims | Activity | class | Duration | Duties. |
|---|---|---|---|---|
| To speak, read and write English without any mistake. | Listening skills.<br>Poems, Conversations, skit, stories. | 5, 6, 7. | June to March | English teacher |
| | Speaking skills.<br>Descriptions, pictures reading, picture Description Self introduction, Assembly activities. | 5, 6, 7 | June to March | English teacher |
| | Reading skills.<br>News paper reading<br>Preparing news bullettin | 5, 6, 7 | June to March | English teacher |
| | Writing skills.<br>Making Word web.<br>Letter Writing | 5, 6 7 | June to March | English teacher |

സംസ്കൃതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല. |
|---|---|---|---|---|
| അക്ഷരത്തെറ്റ് കൂടാതെ കുട്ടികളെ എഴുതുവാനും വായിക്കുവാനും പ്രാപ്തരാക്കുക | * ചെറിയ കഥകൾ വായിക്കുവാൻ നൽകൽ. <br> * സ്വരാക്ഷരങ്ങളും അവ സൂചിപ്പിക്കുന്ന ചിഹ്നങ്ങളും പരിചയപ്പെടുത്തുന്നു. <br> • ഒരേ ചിഹ്നങ്ങൾ വരുന്ന പദങ്ങൾ പാഠഭാഗത്തു നിന്ന് കണ്ടെത്തി ലിസ്റ്റ് ചെയ്യുന്നു. <br> • ചിഹ്നങ്ങൾ നൽകി ആ ചിഹ്നങ്ങൾ വരുന്ന കൂടുതൽ പദങ്ങൾ ശേഖരിക്കുന്നു. <br> • ചിഹ്നങ്ങൾ ചേർക്കാതെ നൽകിയ ലഘുകഥ, കവിത ചിഹ്നങ്ങൾ ചേർത്ത് പൂർത്തിയാക്കുന്നു. <br> • കൂടുതൽ ലഘുകഥകളും കവിതകളും വായിക്കുവാൻ നൽകുന്നു. | LP & UP | 10 മിനിട്ട് ജൂൺ മുതൽ മാർച്ച് വരെ | സംസ്കൃതാധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല |
|---|---|---|---|---|
| | ചിഹ്നങ്ങൾ ചേർക്കാതെ പദങ്ങൾ നൽകുന്നു. യോജിച്ച ചിഹ്നങ്ങൾ ചേർത്തെഴുതുന്നു.<br>• ലഘുകവിതകൾ ചിഹ്നങ്ങൾ ചേർക്കാതെ നൽകുന്നു. കുട്ടികൾ ചിഹ്നങ്ങൾ ചേർത്ത് പൂർത്തിയാക്കുന്നു.<br>• ലഘുകഥകൾ ചിഹ്നങ്ങൾ ചേർക്കാതെ നൽകുന്നു. കുട്ടികൾ പൂർത്തിയാക്കുന്നു.<br>• ചിഹ്നങ്ങൾ ചേർത്ത് സ്വന്തമായി വാക്യങ്ങൾ എഴുതുന്നു.<br>• ചിഹ്നങ്ങൾ ശരിയായ വിധത്തിൽ ചേർത്ത് വിവരണം തയ്യാറാക്കുന്നു.<br>• ചിഹ്നങ്ങൾ ശരിയായ വിധത്തിൽ ചേർത്ത് ലഘു കവിത എന്നിവ തയ്യാറാക്കുന്നു. | LP & UP | ജൂൺ മുതൽ മാർച്ച് വരെ | സംസ്കൃതാധ്യാപകൻ |

ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല |
|---|---|---|---|---|
| 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ, ഹിന്ദി വായന, എഴുത്ത് സംസാരം മെച്ചപ്പെടുത്തുക. | പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. | 5 | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപിക |
| | ഹിന്ദി അസംബ്ലി നടത്തുകയും വായനാകാർഡ് വായിക്കുകയും ചെയ്യുന്നു. ക്ലാസിൽ സ്വരിലി കവിതകൾ കേൾപ്പിക്കുകയും ചെയ്യുന്നു. കുട്ടികൾ അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കുന്നു. | 5,6,7 | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപിക |

സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല. |
|---|---|---|---|---|
| ഒരു വർഷത്തെ ആനുകാലിക സംഭവങ്ങൾ മനസ്സിലാക്കുന്നു. ദിവസവിശേഷങ്ങൾ മനസ്സിലാക്കുന്നു. | പത്രക്വിസ്<br>- ഓരോ മാസത്തെയും ആനുകാലികസംഭവങ്ങൾ ഉൾപ്പെടുത്തിയ പത്രക്വിസ് പരിചയപ്പെടുത്തലും അത് ക്വിസ് ബുക്കിൽ രേഖപ്പെടുത്തുന്നു.<br>ദിവസവിശേഷങ്ങൾ<br>- ഓരോ ദിവസത്തെയും വിശേഷങ്ങൾ ക്ലാസ്ഗ്രൂപ്പിൽ നൽകുന്നു. അത് നോട്ട്ബുക്കിൽ രേഖപ്പെടുത്തുന്നു. | | | |

ഗണിതം

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലയളവ് | ചുമതല. |
|---|---|---|---|---|
| ഓരോ പാഠഭാഗത്തും വരുന്ന പ്രധാനഗണിതാശയങ്ങൾ ഉൾക്കൊള്ളുന്ന ഗണിതവായനാകാർഡ് നിർമിക്കുക. | ഗണിതവായനാകാർഡ് നിർമാണം.<br>ചോദ്യബാങ്ക് | 5,6,7 | ജൂൺ മുതൽ മാർച്ച് വരെ | ഗണിതാധ്യാപിക |
| ഓരോ പാഠഭാഗത്തുനിന്നും കുട്ടികൾ സ്വയം ചോദ്യങ്ങൾ തയ്യാറാക്കി ചോദ്യബാങ്ക് ഉണ്ടാക്കുന്നു. | ഗണിതപുസ്തകനിർമാണം. | 5,6,7 | ജൂൺ മുതൽ മാർച്ച് വരെ | ഗണിതാധ്യാപിക |
| ഗണിതപുസ്തക നിർമാണം | ഓരോ പാഠഭാഗത്തെയും പ്രധാന ഗണിതാശയങ്ങൾ ഉൾക്കൊള്ളുന്ന വായനാകാർഡ്, | 5,6,7 | ജൂൺ മുതൽ മാർച്ച് വരെ | ഗണിതാധ്യാപിക |
| കുട്ടികളുടെ വളരുന്ന ഗണിതനിലവാരം. | കുട്ടികൾ തയ്യാറാക്കിയ ചോദ്യങ്ങൾ, മനഃക്കണക്കുകൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കുസൃതിക്കണക്ക് ഗണിതകളികൾ ജ്യാമിതീയ രൂപങ്ങൾ ഇവ ഉൾപ്പെടുന്ന ഗണിതപുസ്തകം. വായിക്കുന്നു. | 5,6,7 | ജൂൺ മുതൽ മാർച്ച് വരെ | ഗണിതാധ്യാപിക |
| | കുട്ടികളുടെ വളരുന്ന ഗണിതനിലവാരം. | 5, 67 | ജൂൺ മുതൽ മാർച്ച് വരെ | ഗണിതാധ്യാപിക |

അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല. |
| --- | --- | --- | --- | --- |
| ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലെ കുറവ് പരിഹരിക്കുക.<br><br>സ്കൂളിലെ ശാസ്ത്രപഠനനിലവാരം മെച്ചപ്പെടുത്തൽ.<br><br>കുട്ടികളിലെ ശാസ്ത്രീയ മനോഭാവം കുറയുന്നു., വളർത്തുന്നു. | ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തൽ.<br>ഡിജിറ്റൽ ലൈവ് ക്ലാസുകൾ.<br>- പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പഠനോപകരണങ്ങൾ നിർമ്മാണം<br>പതിപ്പുകൾ തയ്യാറാക്കൽ<br>ദിനാചരണങ്ങൾ<br>ക്വിസുകൾ | 5, 6, 7 | ജൂൺ മുതൽ മാർച്ച് വരെ<br><br>ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്രാധ്യാപകർ<br><br>ശാസ്ത്രാധ്യാപകർ |
| ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ഫീൽഡ്ട്രിപ്പുകൾ.<br>വാനനിരീക്ഷണ ക്ലാസുകൾ. | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഫീൽഡ്ട്രിപ്പുകൾ<br>വാനനിരീക്ഷണ ക്ലാസുകൾ | | മാർച്ച് | ശാസ്ത്രാധ്യാപകർ |

# ഉപസംഹാരം

വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതിക്ക് സമഗ്രവും ശാസ്ത്രീയവുമായ ഒരു ബദൽസംവിധാനം സൃഷ്ടിക്കുന്നതിനുള്ള കർമപദ്ധതിയാണ് പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം. കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളിയാവുക എന്നുള്ളത്. നൻമകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃത്വവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ മാസ്റ്റർപ്ലാൻ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.